ഇത് വളരെ മുമ്പേ വേണ്ടിയിരുന്ന പാലമാണെങ്കിലും ഇതിന് ഒരു ആക്ഷൻ കമ്മിറ്റിയുണ്ടായി. അത് ഈ ഗവൺമെൻറ് വരുന്നതിനുമുമ്പാണ്. അന്ന് ആക്ഷൻ കമ്മിറ്റി ചെയർമാൻതന്നെ സ്ഥലം കൊടുക്കുന്ന കാര്യത്തിൽ കോടതിയിൽനിന്ന് ഒരു സ്റ്റേ വാങ്ങിക്കുകയുണ്ടായി. അതിൻറെ അടിസ്ഥാനത്തിൽ ഇതിൻറെ പ്രവർത്തനം കൊല്ലങ്ങളോളം നീണ്ടുപോയി. ഏതായാലും ഈ റോഡ് 10-11-1986-ലാണ് ഗവൺമെൻറ് ഏറെടുത്തത്. പാലത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. കഴിയുന്നതും വേഗം ഉടൻതന്നെ ഇതിന് ഭരണാനുമതി നല്കാൻ ശ്രമിക്കുന്നതാണ്.

(7) കൃഷിനാശം സംഭവിച്ചവർക്ക് വിള ഇൻഷ്വറൻസ്

ശ്രീ. വി. ദിനകരൻ : സർ, നെൽക്കൃഷിക്കാർക്ക് പാടശേഖര അടിസ്ഥാനത്തിലുണ്ടാകുന്ന കൃഷി നാശത്തിൻറെ അടിസ്ഥാനത്തിൽ വിള ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്ന നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് എനിക്ക് ആവശ്യപ്പെടാനുള്ളത്. ഇന്ന് താലൂക്കടിസ്ഥാനത്തിൽ കൃഷിക്കുണ്ടാകുന്ന നഷ്ടം 50 ശതമാനത്തിലധികമുണ്ടായാൽ മാത്രമേ വിള ഇൻഷ്വറൻസിൻറെ ആനുകൂല്യം കർഷകർക്ക് ലഭിക്കുകയുള്ളൂ. സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറിൻറെ അസസ്മെൻറിൻറെ അടിസ്ഥാനത്തിലാണ് ഈ ആനുകൂല്യം ലഭിക്കുന്നത്. കഴിഞ്ഞ വെള്ളപ്പൊക്കക്കാലത്ത് ആലപ്പുഴ ജില്ലയിൽ കുട്ടനാട് കൃഷി നശിച്ച അവസരത്തിൽ കർഷകർക്ക് നഷ്ടത്തിൻറെ 8% ആനുകൂല്യം മാത്രമാണ് ലഭിച്ചത്. മറ്റു സംസ്ഥാനങ്ങളിൽ കോടിക്കണക്കിന് രൂപ ഈ ഇനത്തിൽ വാങ്ങിച്ചെടുക്കുമ്പോഴും നമ്മുടെ സംസ്ഥാനത്തിൽ ഈ ആനുകൂല്യം ലഭ്യമാക്കുന്നില്ലായെന്നുള്ളതാണ് യാഥാർത്ഥ്യം. ഇവിടത്തെ കർഷകർ ആവശ്യപ്പെടുന്നതുപോലെ പാടശേഖര അടിസ്ഥാനത്തിൽ കൃഷിയ്ക്കുണ്ടാകുന്ന നഷ്ടം കണക്കിലെടുത്തുകൊണ്ട് നഷ്ടപരിഹാരം ലഭിക്കാനുള്ള നടപടി സ്വീകരിച്ചെങ്കിൽ മാത്രമേ ഈ വിള ഇൻഷ്വറൻസിൻറെ ആനുകൂല്യം ഇവിടത്തെ നെൽകർഷകർക്ക് പ്രയോജനപ്പെടുകയുള്ളൂ. ഈ ആവശ്യം വളരെ ഗൗരവമായി കണക്കിലെടുക്കേണ്ട കാര്യമാണ്. ഈ രാജ്യത്തെ നെൽ കർഷകർ ഒന്നടങ്കം ആവശ്യപ്പെടുന്ന ഒരു പ്രശ്നമെന്ന രീതിയിൽ, കേന്ദ്ര ഗവൺമെൻറിൻറെ സഹായം കിട്ടുന്ന ഒരു പദ്ധതി എന്ന രീതിയിൽ, ഇൻഷ്വറൻസ് ഡിപ്പാർട്ടുമെൻറിൻറെ സഹായം കിട്ടുന്ന ഒരു പദ്ധതി എന്ന രീതിയിൽ, മറ്റു സംസ്ഥാനങ്ങളും കോടിക്കണക്കിന് രൂപ വാങ്ങിച്ച് എടുക്കുമ്പോഴും നമ്മുടെ സംസ്ഥാനത്തിന് അത് നഷ്ടപ്പെടുന്നുയെന്നുള്ള സാഹചര്യം കണക്കിലെടുത്തുകൊണ്ട് (സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ടുമെൻറിൻറെ ഇപ്പോഴത്തെ അസസ്മെൻറ് പ്രയോജനപ്രദമല്ല) പാടശേഖര അടിസ്ഥാനത്തിൽ കൃഷിയ്ക്കുണ്ടാകുന്ന നഷ്ടം കണക്കിലെടുത്ത് വിള ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, 5-7-1985-ലെ ഉത്തരവനുസരിച്ച് കേന്ദ്ര ഗവൺമെൻറിൻറെ വിള ഇൻഷ്വറൻസ് പദ്ധതി കേരളത്തിലും നടപ്പാക്കിയിട്ടുണ്ട്. ഇപ്പോഴും ഒരു യൂണിറ്റാക്കി എടുത്തിരിക്കുന്നത് താലൂക്കായതുകൊണ്ട് പ്രായോഗികമായ പല ബുദ്ധിമുട്ടുകളും ഉണ്ടാകുന്നുണ്ട്. അത് പരിഗണിച്ച് വില്ലേജാക്കി മാറ്റണമെന്നുള്ള ഒരാവശ്യം നിലവിലുണ്ടെങ്കിലും അത് പ്രായോഗികമല്ല. കാരണം ഓരോ വില്ലേജുകളിലും സ്റ്റാഫിനെ നിയമിക്കാൻ ബുദ്ധിമുട്ടുണ്ട്. പാടശേഖരമെന്നുള്ളതും പ്രായോഗികമായി കാണുന്നില്ല. അതുകൊണ്ട് കുറച്ചുകൂടി ചെറിയ യൂണി

LIBRARY ARCHIVES Kerala Legislative Assembly

റാക്കുന്നതിനുവേണ്ടി വികസന ബ്ലോക്കുകൾ എടുത്തിട്ടുണ്ട്. 151 വികസന ബ്ലോക്കുകൾ കേരളത്തിലുണ്ട്. വികസന ബ്ലോക്ക് ഒരു യൂണിറ്റായി എടുത്താൽ ഇന്നുള്ളതിനേക്കാൾ കൂടുതൽ പ്രയോജനമുണ്ടാകും. വിള ഇൻഷ്വറൻസ് കൊണ്ട് ഇപ്പോൾ യഥാർത്ഥത്തിൽ കർഷകർക്കുണ്ടാകുന്ന പ്രയോജനം ധനകാര്യസ്ഥാപനങ്ങളിൽനിന്ന് എടുത്തിട്ടുള്ള വായ്പകൾ റദ്ദാക്കുകയെന്നതാണ്. യഥാർത്ഥത്തിൽ ക്രോപ്പ് ലോൺ ഇൻഷ്വറൻസാണ് ഇപ്പോൾ നടപ്പാക്കിയിട്ടുള്ളത്. അതിന്റെ പ്രയോജനം പരിപൂർണ്ണമായി ലഭ്യമാക്കുന്നതിന് ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറ് ഇന്ന് ഇതിന്റെ നഷ്ടം തിട്ടപ്പെടുത്തുന്ന രീതിയിൽ തന്നെ ചില മാറ്റങ്ങൾ വരുത്തണമെന്നുള്ള കാര്യവും ഗവൺമെൻറിന്റെ ആലോചനയിലാണ്. വികസന ബ്ലോക്കുകൾ ഒരു യൂണിറ്റായി എടുക്കുന്ന കാര്യവും ഏതാണ്ട് നയപരമായി തീരുമാനിച്ചിരിക്കുകയാണ്.

(8) കണ്ടിജൻസി ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിൽ ഉണ്ടായിട്ടുള്ള അനോമലി നികത്താൻ നടപടി

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, കണ്ടിൻജൻസി ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചപ്പോഴുണ്ടായ അനോമലി പരിഹരിക്കുന്നതിനുവേണ്ടിയാണ് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുന്നത്. പാർട്ട് ടൈം മുനിസിപ്പൽ കണ്ടിജൻസി ജീവനക്കാരുടെ ശമ്പളം അതേതരത്തിൽ സർക്കാർ സർവ്വീസിൽ ജോലി ചെയ്യുന്നവരുടെ ശമ്പളത്തിന് തുല്യമാക്കാൻ ചില നടപടികൾ സ്വീകരിച്ചുവെന്നാണ് ഗവൺമെൻറ് പറയുന്നത്. 16-8-1986-ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് പാർട്ട് ടൈം കണ്ടിജൻസി ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന പ്രതിമാസ വേതനത്തിൽ 59 രൂപ മുതൽ 179 രൂപ വരെ കുറവുണ്ടായിരിക്കുന്നു. പ്രസ്തുത ഉത്തരവ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് യൂണിയന്റെ നേതാക്കൻമാർ 10-9-1986-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിവേദനം സമർപ്പിച്ചിരുന്നു. 18-10-1986-ൽ സംസ്ഥാനത്തെ എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും ഒരു ദിവസത്തെ കൂട്ടധർണ ജീവനക്കാർ നടത്തുകയുമുണ്ടായി. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെൻറ് പാർട്ട് ടൈം കണ്ടിൻജൻസി ജീവനക്കാരെ രണ്ടു കാറ്റഗറിയായിട്ടാണ് തരം തിരിച്ചിരുന്നത്. അതിപ്പോൾ മൂന്നു കാറ്റഗറിയാക്കിയതു കാരണം ചിലർക്ക് തൊഴിൽ നഷ്ടപ്പെടാനുള്ള സാദ്ധ്യതയുണ്ട്. ഇതിന്റെ വെളിച്ചത്തിൽ 16-8-1986-ലെ സർക്കാർ ഉത്തരവ് പിൽവലിച്ച് തെറ്റുകൾ തിരുത്തി പുതുക്കിയ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഈയടുത്തകാലത്ത് വരുത്തിയ മാറ്റം കൊണ്ട് ചിലർക്ക് ശമ്പളക്കുറവ് വരുമെന്ന് അറിയിച്ചിട്ടുണ്ട്. പരിശോധനയിൽ ശരിയാണെന്നും കണ്ടിട്ടുണ്ട്. എന്തായാലും 16-8-1986-ലെ ഈ ഉത്തരവിലെ ന്യൂനത പരിഹരിച്ചുകൊണ്ട് ഇന്നുള്ള ശമ്പളത്തിൽ ആർക്കും കുറവ് വരാൻ പാടില്ലെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. പുതിയതായി പാർട്ട് ടൈം ജീവനക്കാരെ നിയമിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിരുന്നെങ്കിലും അത് കണ്ടിന്യൂ ചെയ്യാനും ആവശ്യപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് കുറവ് നികത്തിക്കൊടുക്കാനുള്ള കൽപ്പന പുറപ്പെടുവിച്ചതുകൊണ്ട് ആർക്കും കുറവ് വരികയില്ല. റിവൈസ് ചെയ്ത ശമ്പളം എല്ലാവർക്കും കിട്ടുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly